ടെലിഫോൺ : 0471-2512662, 9496551719
തിരുവനന്തപുരം
പിൻ-695 033

ഭരണഭാഷ-മാതൃഭാഷ
ഫാക്സ് : 0471-2305891
E-mail: cpst@niyamasabha.org
Website: www.niyamasabha.org

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## പാർലമെന്ററി പഠന പരിശീലന കേന്ദ്രം

തിരുവനന്തപുരം,
12.01.2018

നമ്പർ:53/സി.പി.എസ്.റ്റി ബി3/2018 / നി.സെ.

**വിജ്ഞാപനം**

വിഷയം:- കേരള നിയമസഭ - പാർലമെന്ററി പഠന പരിശീലന കേന്ദ്രം - സർട്ടിഫിക്കറ്റ് കോഴ്സിന്റെ 2018 ലെ പരീക്ഷ-അപേക്ഷ സ്വീകരിക്കുന്നതു സംബന്ധിച്ച്.

കേരള നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രം നടത്തുന്ന 'സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീജിയർ' നാലാമതു ബാച്ചിന്റെ പരീക്ഷ 2018 ഏപ്രിൽ 21,22 തീയതികളിൽ നടത്തുന്നതാണ്. പരീക്ഷയ്ക്കുള്ള അപേക്ഷയും പരീക്ഷാ ഫീസും (പിഴയില്ലാതെ) **2018 ഫെബ്രുവരി 3** വരെയും പിഴയോടുകൂടി **ഫെബ്രുവരി 9** വരെയും സ്വീകരിക്കുന്നതാണ്. എസ്.സി / എസ്.റ്റി വിഭാഗത്തിലെ പഠിതാക്കൾ പരീക്ഷാ ഫീസ് അടയ്ക്കേണ്ടതില്ല. മുൻ വർഷങ്ങളിൽ കോഴ്സ് പൂർത്തിയാക്കിയവരും എന്നാൽ പരീക്ഷയിൽ വിജയിക്കാത്തവരുമായ പഠിതാക്കൾക്കും ഇതോടൊപ്പം പരീക്ഷ എഴുതാവുന്നതാണ്. അവരും നിശ്ചിത പേപ്പറുകളുടെ ഫീസ് സഹിതം അപേക്ഷ യഥാസമയം സമർപ്പിക്കേണ്ടതാണ്.

പരീക്ഷാ ഫീസ് "The Secretary, Kerala Legislative Assembly, Thiruvananthapuram" എന്ന പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അല്ലെങ്കിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വികാസ് ഭവൻ ബ്രാഞ്ചിൽ **37005174195** എന്ന അക്കൗണ്ട് നമ്പറിൽ നേരിട്ടോ ഓൺലൈൻ ട്രാൻസ്ഫറായോ **(IFSC SBIN0070415)** അടയ്ക്കാവുന്നതാണ്. പരീക്ഷാ ഫീസിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| Paper No. | Name of Paper | Exam. Fee ₹ | Fine ₹ | Total ₹ |
|---|---|---|---|---|
| I | Parliamentary Democracy | 100/- | 25/- | 125/- |
| II | Legislature, Executive and Judiciary - Constitutional Provisions | 100/ | 25/- | 125/- |
| III | Laws and Rules Regulating Practice and Procedure of Parliament and State Legislature | 100/- | 25/- | 125/- |
| IV | Legislative Procedure & Procedure in Financial Matters | 100/- | 25/- | 125/- |
| | **TOTAL** | **400/-** | **100/-** | **500/-** |

പൂരിപ്പിച്ച അപേക്ഷ, പരീക്ഷാ ഫീസ് അടച്ചതിന്റെ ഡിമാന്റ് ഡ്രാഫ്റ്റ്/ പേ-ഇൻ-സ്ലിപ്പ് /ഓൺലൈൻ ട്രാൻസ്ഫർ രസീത് സഹിതം നേരിട്ടോ അല്ലെങ്കിൽ 'അണ്ടർ സെക്രട്ടറി, റൂം. നം. 728, പാർലമെന്ററി പഠന പരിശീലന കേന്ദ്രം, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695033 ' എന്ന വിലാസത്തിൽ രജിസ്റ്റേർഡ് തപാലിലോ അയയ്ക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്/ പേ-ഇൻ-സ്ലിപ്പ് /ഓൺലൈൻ ട്രാൻസ്ഫർ രസീത് ഉള്ളടക്കം ചെയ്യാത്ത അപേക്ഷകളും വൈകി ലഭിക്കുന്ന അപേക്ഷകളും പരിഗണിക്കുന്നതല്ല.

**നിശ്ചിത തീയതിയ്ക്കുള്ളിൽ പരീക്ഷാഫീസ് അടച്ച് അപേക്ഷ സമർപ്പിച്ചില്ലെങ്കിൽ സർട്ടിഫിക്കറ്റ് കോഴ്സിന്റെ രജിസ്ട്രേഷൻ റദ്ദാകുന്നതാണ്. രജിസ്ട്രേഷൻ റദ്ദാകുന്നപക്ഷം പരീക്ഷ എഴുതുന്നതിന് കോഴ്സിന് പുതിയതായി പ്രവേശനം നേടേണ്ടതാണ്.**

(ഒപ്പ്)

വി.കെ. ബാബുപ്രകാശ്
സെക്രട്ടറി